**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 882** **24-02-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമിയിലെ മരങ്ങളുടെ വില നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. A. K. Saseendran (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ഭൂമിയിലെ വൃക്ഷങ്ങൾ മുറിക്കേണ്ടി വരുമ്പോൾ വനം വകുപ്പ് നിർണ്ണയിക്കുന്ന വില അമിതമാകുന്നത് കാരണം വൃക്ഷങ്ങൾ ലേലത്തിൽ പോകാതെ പദ്ധതികൾക്ക് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് വനംവകുപ്പും, പദ്ധതിയുടെ നിർവ്വഹണ വകുപ്പും ചേർന്ന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി മരം മുറിച്ച് ലേലം ചെയ്യുന്ന കാര്യം പരിശോധിക്കുമോ; | (എ) | ഉണ്ട്. സർക്കാർ തലത്തിൽ വിഷയം പരിശോധിച്ചുവരുന്നു. |
| (ബി) | പാഴ്മരങ്ങൾക്ക് വിപണി വിലയേക്കാൾ അധികവില നിശ്ചയിക്കുന്നത് പുനഃപരിശോധിക്കുവാനും മുറിച്ച് മാറ്റാനുള്ള കൂലി, തടസ്സങ്ങൾ നീക്കുവാനുള്ള ചെലവ് എന്നിവ കൂടി ഉൾപ്പെടുത്തി വില നിർണ്ണയം പ്രായോഗികമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | വനം വകുപ്പ് നിൽപ്പ് മരങ്ങളുടെ അളവ് കണക്കാക്കുന്നതിന് എൻ.ആർ.നായർ വോളിയം ടേബിൾ വഴി അളവ് കണ്ടെത്തി, 2015- ലെ സർക്കാർ അംഗീകരിച്ച സീനിയറേജ് നിരക്ക് പ്രകാരമാണ് മരങ്ങളുടെ വില നിർണ്ണയിച്ച് നൽകുന്നത്. |
| (സി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃവ്വക്കുന്ന് – സെൻട്രൽ പൊയിലൂർ റോഡ്, ഉരുത്തിമുക്ക് പാലം എന്നിവിടങ്ങളിലെ മരങ്ങളുടെ വില നിർണ്ണയം പ്രായോഗികവും ജനസൗഹൃദവുമായി നടത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ഉരുത്തിമുക്ക് പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുമതിക്കായി ലഭിച്ച അപേക്ഷയിൻമേൽ ജില്ലാതല ട്രീകമ്മിറ്റിയുടെ തീരുമാനപ്രകാരം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)കണ്ണൂർ 55 മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതിയും വിലനിർണ്ണയവും നടത്തി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ